# ചോദ്യോത്തരം നം. 73, 74

**പ്രഫ. അനിൽകുമാർ പോഡ്കാസ്റ്റ്**

(മലയാളം ഉൾപ്പടെ 7 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് ഭാഷകളിലും ശനിയാഴ്ചതോറും)

ഓം ശ്രീ സായിരാം!

പ്രശാന്തിസന്ദേശത്തിന്റെ ചോദ്യോത്തരവേള നിങ്ങളെയെല്ലാവരെയും സ്വാഗതം ചെയ്യുന്നു. ഇന്ന് ഞങ്ങൾക്ക് ലഭിച്ച വളരെ രസകരമായ ഒരു ചോദ്യമാണ് നമ്മൾ എടുക്കുന്നത്.

**Q.73 ജീവിതം ഒരു നാടകം അഥവാ ഒരു സ്വപ്നം ആണെങ്കിൽ, ഒരു അവതാരം നമ്മെ എങ്ങനെ സഹായിക്കും ? ജീവിതം ഒരു നാടകം അഥവാ സ്വപ്നം ആണെങ്കിൽ, അവതാരം നമ്മെ എങ്ങനെ സഹായിക്കാൻ?**

അതെ, ഇത് ശരിക്കും നല്ല ഒരു ചോദ്യമാണ്. കാരണം, ജീവിതം ഒരു പുരാവൃത്ത(myth)മാണെന്ന് , ജീവിതം കേവലം ഒരു വിഭ്രാന്തി(illusion)യാണെന്ന്, ജീവിതം ഒരു സ്പ്നം(dream)മാണ്, സമസ്ത ലോകവും ഒരു വേദിയാണ്, സ്ത്രീപുരുഷന്മാർ കേവലം നടീനടന്മാരാണ്, എന്നൊക്കെ നാം പറയുന്നു, നമ്മൾ ഇക്കാര്യങ്ങളൊക്കെ പറയുന്നു. ഈ സാഹചര്യത്തിൽ, ഒരു അവതാരം നമ്മെ എങ്ങനെയാണ് സഹായിക്കുക? ഈ വിഷയത്തെക്കുറിച്ച് സ്വാമി പരാമർശിച്ചിട്ടുള്ള ഏതാനും വസ്തുതകൾ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.




ആദ്യമേതന്നെ നമ്മൾ അറിയേണ്ടത് അവതാരവും ഒരു നടനാണ് എന്നതാണ്. ഭഗവാൻ സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്, ''നിങ്ങളെല്ലാവരും ഈ നാടകം കണ്ടിട്ടുണ്ട്, അവിടുന്ന് എങ്ങനെയാണ് പൂർവരൂപങ്ങളിൽ നടിച്ചതെന്ന്, അവിടുന്ന് എങ്ങനെയാണ് രാമനായി നടിച്ചതെന്ന്, അവിടുന്ന് എങ്ങനെയാണ് കൃഷ്ണനായി നടിച്ചതെന്ന് നിങ്ങൾക്കറിയാം.''

അവിടുന്ന് അരുളുന്നു:

''**ആഡു ആനാടി ആട ജൂചി കൊന്ത വർണിഞ്ചി സുന്ത സന്തസമു ഗനുഡി** ''

*ഈ നാടകം കേവലം അറിയുക, പോയ കാലത്തെയും ഇക്കാലത്തെയും നാടകത്തിൽ സംഭവിച്ചതെല്ലാം അറിയുക, നിങ്ങൾ കാണുവിൻ, നിരീക്ഷിക്കുവിൻ, സ്വയം ആസ്വദിക്കുവിൻ.*

''**ആനാഡു ആനാടി ഈനാടി ആട ജൂചി കൊന്ത വർണിഞ്ചി സുന്ത സന്തസമു ഗനുഡി** ''

*അന്ന് ആ നാടകം, ഇപ്പോൾ ഈ നാടകം,, കാണുവിൻ, കുറച്ചെങ്കിലും സ്വയം ആസ്വദിക്കുവിൻ.*

ഇവിടെ, ഇതൊരു നാടകം മാത്രമാണെന്ന് അവിടുന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു, അതുകൊണ്ട്, അവതാരവും ഇതിൽനിന്ന് ഒഴിയുന്നില്ല. അവിടുന്നും ഒരു നടനാണ്. എന്നാൽ, ഒരു വസ്തുത മനസ്സിൽ ധരിക്കണം: സ്വാമി പറഞ്ഞിട്ടുണ്ട് സ്വാമി ഒരു *പാത്രധാരി*യും, അതേസമയം സംവിധായകനും, *സൂത്രധാരി*യും, ആണെന്ന്. അതുകൊണ്ട്, അവിടുന്ന് നടനും സംവിധായകനുമാകുന്നു. ഇപ്രകാരമാണ് ഭഗവാൻ അരുളിയിട്ടുള്ളത്.

മറ്റുതരത്തിൽ പറഞ്ഞാൽ, ഈ ലോകത്തിൽ നമ്മുടെ റോൾ എങ്ങനെ ഭംഗിയായി നടിക്കണമെന്ന് നമുക്ക് പറഞ്ഞുതരുന്നതിനായാണ് അവിടുന്ന് *പാത്രധാരി*യുടെ റോളെടുത്തിട്ടുള്ളത്, *സൂത്രധാരി*യായിരിക്കുന്നത് അവിടുത്തെ ഇച്ഛപ്രകാരവും. ഓരോ തീരുമാനവും അവിടുത്തെ കരങ്ങളിലാണ്. മുഴുവൻ നാടകവും സംവിധാനം ചെയ്യുന്നത് അവിടുന്നാണ്. അതുകൊണ്ട്, അവതാരം *പാത്രധാരി*യും *സൂത്രധാരി*യും ആണ്. മറ്റുതരത്തിൽ പറഞ്ഞാൽ, നാം *ലീല*യെന്നു വിളിക്കുന്നത് ഇതാണ്. ദിവ്യനാടകം അഥവാ ദിവ്യവിനോദം ആണിത്. നാമിത് ഇപ്രകാരമാണ് എടുക്കേണ്ടത്. ദിവ്യനാടകത്തിൽ അതിശയകരമായി ഈശ്വരനുമാത്രമാണ് നടിക്കാനാവുക. ഭാവിയിൽ എന്താണ് സംഭവിക്കാൻ പോവുന്നതെന്ന് അറിയുമായിട്ടും, കഴിഞ്ഞ കാലത്ത് എന്താണ് സംഭവിച്ചതെന്ന് അറിയുമായിട്ടും, ഇതുരണ്ടിനെപ്പറ്റിയും അറിവില്ലാത്തതുപോലെ അവിടുന്ന് നടിക്കുന്നു. അവിടെ അവിടുന്ന് *പാത്രധാരി*യാണ്, എന്നാൽ അവിടുന്ന് ഇച്ഛിച്ച കാര്യം നടത്തുന്ന കാര്യത്തിൽ, അവിടുന്ന് *സൂത്രധാരി*യുമാണെന്ന് നാം അറിയുന്നു.




ഹൈവേയിലെ മാർഗമദ്ധ്യേയുള്ള കേവലം മാർഗസ്തംഭമാണ് ഈശ്വരൻ എന്ന് ഒരിക്കൽ അവിടുന്ന് ഒരവസരത്തിൽ അരുളുകയുണ്ടായി. വഴിയോരത്തെ മാർഗസ്തംഭം വ്യത്യസ്ത ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള കൈചൂണ്ടിയാണ്. അതുകൊണ്ട്, അവിടുന്ന് വഴി കാട്ടിത്തരുന്നു, നിങ്ങളാണ് യാത്ര ചെയ്യേണ്ടത്. ഇതാണ് നിങ്ങൾ ഗ്രഹിക്കേണ്ടത്.

നമുക്ക് ഭഗവാനെ മനസ്സിലാക്കാൻ നോക്കാം. നമുക്ക് അവിടുത്തെ നിരീക്ഷിച്ച്, ഭാഗഭാക്കായിത്തീരാൻ ശ്രമിക്കാം. അപ്പോൾ നമുക്ക് നമ്മുടെ ജീവിതം അനുഗ്രഹപ്രദമാവും. അതൊരിക്കലും സങ്കടകരമാവില്ല. ഈ ജീവിതനാടകം ആസ്വദിക്കണമെങ്കിൽ നാം വളരെ ആനന്ദഭരിതരാവണം, സന്തോഷഭരിതരാവണം, നാം ജീവിതം ആസ്വദിക്കണം. ഒരിക്കലും, ഒരവസരത്തിൽപ്പോലും, ആവണക്കെണ്ണമുഖം ഉണ്ടാവരുതെന്ന്, ഗൗരവമുള്ള വീർത്ത മുഖഭാവം ഉണ്ടാവരുത് എന്നാണ് സ്വാമി അരുളിയിട്ടുള്ളത്. എന്തായാലും, ജീവിതം ഒരു കിനാവാണ്, അത് തിരിച്ചറിയൂ. അങ്ങനെയാണ് സ്വാമി പറയാറ്. അതൊരു സ്വപ്നമാണെന്ന് തിരിച്ചറിയൂ. വിലപിക്കുന്നത്, കരയുന്നത്, മോങ്ങുന്നത് സന്ദർഭോചിതമല്ല. അല്ല! ഈ നാടകം നാം കാണുക, ഇത് ആസ്വദിക്കുക. പങ്കെടുക്കാൻ അവസരം തന്ന, ഈ നാടകത്തിലെ ഒരു

അഭിനേതാവിന്റെ വേഷം തന്ന, ഈ ജീവിതത്തോട് ആദരവുള്ളവരാകാം നമുക്ക്. നമുക്ക് ഒരു സജീവ പങ്കാളിയാവാം. നമുക്ക് ഉല്ലാസത്തോടെയിരിക്കാം. ഇതാണ് ശരിയായ മോക്ഷം. ഇതാണ് മോചനം.



അതുകൊണ്ട്, ജീവിതത്തെ ഒരു സ്വപ്നമായോ നാടകമായോ പരാമർശിക്കുന്ന ഈ ചോദ്യത്തിന്റെ സാരം, നാം ജീവിതത്തെ നോക്കിക്കാണേണ്ട കാഴ്ചപ്പാടാണ്, അതിലെ സംഭവങ്ങളെ ഗൗരവപൂർവം എടുക്കരുതെന്ന സന്ദേശമാണ്. വിവിധ സാഹചര്യങ്ങളാൽ നിയന്ത്രണം നഷ്ടമാവരുതെന്നാണ്. കളി ആസ്വദിക്കുക, അത്രമാത്രം. കളി ആസ്വദിക്കുക. നിങ്ങളുടെ ഭാഗം നന്നായി കളിക്കുക-ഒടുവിൽ നിങ്ങൾക്ക് ഇപ്രകാരം പറയാനാവത്തക്കവിധം; ''അല്ലയോ ഈശ്വരാ! അവിടുന്നെനിക്ക് ഈ റോൾ തന്നു, ഞാനിത് നന്നായി കളിച്ചു.'' ഈ നാടകാന്ത്യത്തിൽ, കർട്ടൻ വീഴുമ്പോൾ, നമുക്കുണ്ടാവേണ്ട സംതൃപ്തി ഇതാവണം. നമ്മെക്കൊണ്ടാവും വിധം നന്നായി ചെയ്തു എന്ന ആ പരമസംതൃപ്തി നമുക്കുണ്ടാവണം.

ഇതാണ് ഉന്നയിക്കപ്പെട്ട ഒരു ചോദ്യം. ഇനി ഞാൻ മറ്റൊരു ചോദ്യത്തിലേക്ക് കടക്കുകയാണ്.

## **Q.74** ഒരു മാതൃകാ സായീ കുടുംബത്തെപ്പറ്റി അങ്ങ് എന്തു പറയുന്നു?

ഏത് മാതൃകാ കുടുംബവും സായീ കുടുംബമാണ്. മറ്റ് കുടുംബങ്ങളിൽനിന്ന് വ്യത്യസ്തമായി, വ്യതിരിക്തമായി, 'സായീകുടുംബം' എന്നൊന്നില്ല. ഏതെങ്കിലും കുടുംബം മാതൃകയായാണെങ്കിൽ, അതെ, അതിനെ ഒരു മാതൃകാ സായീകുടുംബം എന്ന് നിങ്ങൾക്ക് വിളിക്കാനാവും. കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒരുമയോടെ കഴിയണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു, നാം ആഹാരം കഴിക്കുമ്പോൾ അഞ്ചു വിരലുകളും ഒരുമിക്കുന്നതുപോലെ. അഞ്ചു വിരലുകളും ഒരുമിക്കാതിരുന്നാൽ, ഭക്ഷണം കഴിക്കാനാവില്ല. അതുകൊണ്ട്, കുടുംബം നമ്മിൽനിന്ന് ഐക്യഭാവം ആവശ്യപ്പെടുന്നു, നാം അതിനായി ഉദ്യമിക്കണം.



ഇനി രണ്ടാമതായി, അവിടുത്തെ ജീവിതത്തിൽനിന്നുതന്നെയുള്ള ദൃഷ്ടാന്തമായി, അവനവന്റെ കുടുംബത്തിന്റെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുന്ന തരത്തിലാവണം ഓരോരുത്തരും ജീവിക്കേണ്ടത്. സ്വാമി ഒരു സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ, കുറച്ചകലെ സഞ്ചരിക്കേണ്ടിവരുന്ന

സന്ദർഭങ്ങളിൽ, അവിടുന്ന് കാൽനടയായാണ് വഴിയത്രയും താണ്ടിയിരുന്നത്. അവിടുന്ന് പണത്തിനായി മാതാപിതാക്കന്മാരെ നിർബന്ധിച്ചിരുന്നില്ല. അവിടുന്ന് ആരിൽനിന്നും പണം കടം വാങ്ങിയില്ല. ഉദാരമായി പണം നൽകാൻ, അവിടുത്തേക്ക് സംഭാവന ചെയ്യാനായി തയ്യാറായവരിൽനിന്ന് അവിടുന്ന് പണം വാങ്ങിയില്ല. അവിടുന്ന് പറഞ്ഞു, 'വേണ്ട', തുറന്നു പറഞ്ഞു, 'വേണ്ട'!




സ്വാമി സ്വയം വെളിപ്പെടുത്തിയ കാരണം ഇതായിരുന്നു: കുടുംബത്തിന്റെ അന്തസ്സ് കാക്കണം. അതുകൊണ്ട്, കുടുംബാംഗങ്ങൾ കുടുംബത്തിന്റെ അന്തസ്സ് ഓർത്ത്, അഭിമാനം ഉയർത്തിപ്പിടിക്കാനായി, അതിന്റെ മഹിമ കാക്കാനായി നോക്കണം. അതിപ്രധാനമാണിത്!

ഇനി മൂന്നാമതായി, കുടുംബാംഗങ്ങൾ ഭഗവത്പ്രാർത്ഥനയ്ക്കായി, ആരാധനാ ചടങ്ങുകളിൽ, ഏത് ആദ്ധ്യാത്മിക പരിപാടിയിലായാലും, ഒത്തുചേരണം. ഇതിനെയാണ് ആദ്ധ്യാത്മിക പങ്കാളിത്തം എന്നു വിളിക്കുന്നത്. ആദ്ധ്യാത്മിക പങ്കാളിത്തം അവരെ ശാന്തരും സന്തോഷമുള്ളവരുമാക്കുകയും വിജയം ഉറപ്പാക്കുകയും ചെയ്യും; അത് സമചിത്തത, സമഭാവന വികസിക്കുന്നതിനിടയാക്കും, അത് കുടുംബത്തിന് കൂട്ടായി ഉള്ള ആദ്ധ്യാത്മിക പങ്കാളിത്തമാണ്. 9 പെരുമാറ്റച്ചട്ടങ്ങളിൽ, കുടുംബത്തിന് ഒരു ഭജനസങ്കീർത്തനം, കുടുംബഭജന വളരെയധികം നിഷ്കർഷിക്കുന്നത് ഇക്കാരണത്താലാണ്. അതിന്റെ ആദ്ധ്യാത്മികമാനം ഇതാണ്. കുട്ടികൾ അവരുടെ മാതാപിതാക്കളെ ബഹുമാനിക്കാനായി, അവരുടെ മാതാപിതാക്കളെ സേവിക്കാനായി പഠിക്കണമെന്നും അവരെ സന്തോഷിപ്പിക്കണമെന്നുകൂടി സ്വാമി പറയുന്നു.

ഒരു പൂർവവിദ്യാർത്ഥി സ്വാമിയുടെ അരികിലെത്തി നമസ്കരിച്ചപ്പോൾ സ്വാമി തിരക്കി, ''നീ അടുത്തതായി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്? നീ നിന്റെ ഡോക്ടറേറ്റ് ഇവിടെ പൂർത്തിയാക്കിയ സ്ഥിതിക്ക്, ഇനിയെന്താണ്?'' അവൻ മറുപടി പറഞ്ഞു, ''സ്വാമീ, ഞാൻ അവിടുത്തെ സേവ ചെയ്യാൻ ആഗ്രഹിക്കുന്നു.''

ഭഗവാന്റെ ഉടനെയുള്ള മറുപടി ഇപ്രകാരമായിരുന്നു, ''എനിക്ക് നിന്റെ സേവ ആവശ്യമില്ല, ഞാൻ നിന്നെ സേവിക്കുകയാണ്, അതുകൊണ്ട് നീ എന്തിന് എനിക്ക് സേവ ചെയ്യണം? അതുകൊണ്ട്, നീ നിന്റെ മാതാപിതാക്കളെ സേവിക്കണം എന്നാണ് എന്റെ ആഗ്രഹം. അത് എന്നെ സേവിക്കുന്നതുപോലെയാണ്. രക്ഷിതാക്കളെ സേവിക്കുന്നത് സ്വാമിയെ സേവിക്കുന്നതുതന്നെ.'' ഇപ്രകാരമാണ് അവിടുന്ന് അരുളിയത്.

‘‘നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ സന്തോഷിപ്പിക്കുകയാണെങ്കിൽ എനിക്കും വളരെയധികം സന്തോഷമാവും.’’ അവിടുന്ന് ഇപ്രകാരം അരുളുന്നു, ‘‘നിങ്ങളുടെ മാതാപിതാക്കളെ സ്നേഹിക്കുക,




മാതാപിതാക്കളെ ബഹുമാനിക്കുക, അവരെ സന്തോഷിപ്പിക്കുക. യാതൊരു കാരണവശാലും അവർ ഒരു തുള്ളി കണ്ണീരുപോലും പൊഴിക്കാൻ നിങ്ങൾ ഇടയാക്കിക്കൂടാ, കാരണം, ഭാവിയിൽ, പകരം നിങ്ങൾക്കതിന് വില നൽകേണ്ടിവരും. ഇന്ന് നിങ്ങൾ നിങ്ങളുടെ രക്ഷിതാക്കളെ കരയിക്കുകയാണെങ്കിൽ, നാളെ നിങ്ങളുടെ മക്കൾ നിങ്ങളെ കരയിക്കും.-പ്രതിപ്രവർത്തനം, പ്രതിഫലനം, പ്രതിദ്ധ്വനി(Reaction, Reflection and Resound).അതുകൊണ്ട്, രക്ഷിതാക്കൾ ആദരിക്കപ്പെടണം, കുടുംബത്തിലെ അംഗങ്ങൾക്കിടയ്ക്ക് ഒരു പ്രത്യേക സ്നേഹവും പ്രേമവും ഉണ്ടാവണം.’’

മാതാപിതാക്കൾ മാതൃക കാട്ടണം. മാതാപിതാക്കൾ കുട്ടികളുടെ മുമ്പിൽ വഴക്കടിക്കരുത്. അവർ കുട്ടികളുടെ മുമ്പിൽവച്ച് തർക്കത്തിലേർപ്പെടരുത്. രക്ഷിതാക്കൾ കിടക്കയിൽനിന്ന് എണീൽക്കുമ്പോൾ മുതൽ പരസ്പരം തർക്കിക്കുകയാണെങ്കിൽ, കുട്ടികളും തമ്മിൽത്തല്ലിയേ എണീറ്റുവരൂ എന്ന് സ്വാമി പറയുന്നു. അങ്ങനെയല്ല വേണ്ടത്. അതുകൊണ്ട്, മാതാപിതാക്കൾ ദൃഷ്ടാന്തമാവണം, ‘തങ്ങളും തങ്ങളുടെ അച്ഛനമ്മമാരെപ്പോലെ വേണം’ എന്ന് കുട്ടികൾക്ക് ഗ്രഹിക്കാനിടവരും. മാതൃകയായിത്തീരുക, അതാണ് ഉദ്ദേശിക്കുന്നത്.




സ്വാമി തുടർന്നു പറയുന്നു, ‘‘വടി കളയൂ, കുട്ടിയെ വഷളാക്കൂ.’’ കുട്ടികളെ തിരുത്തേണ്ടിടത്ത് നമ്മൾ തിരുത്തണം, അത്രയേയുള്ളൂ. അതിൽ യാതൊരു നീക്കുപോക്കും പാടില്ല. രക്ഷിതാക്കൾ അവരെ പ്രോത്സാഹിപ്പിക്കണം, അതേസമയം അപലപിക്കണം, താക്കീത് നൽകണം, അവർ തെറ്റിന്റെ വശത്താണോയെന്ന് പരിശോധിക്കണം.

പുത്രനായ ദുര്യോധനനെ ഒന്നിലും തടയാതിരുന്ന ധൃതരാഷ്ട്രരുടെ ഉദാഹരണമാണ് അവിടുന്ന് നൽകിയിട്ടുള്ളത്. അവസാനം, എന്തു സംഭവിച്ചു? അദ്ദേഹത്തിന്റെയും മുഴുവൻ കുടുംബത്തിന്റെയും പതനത്തിന് ഇടയായി. യുദ്ധത്തിൽ സകലരെയും നഷ്ടമായി. അത്തരം അന്ധമായ സ്നേഹം നിങ്ങൾക്കുണ്ടായിക്കൂടാ-യാതൊരു വിവേചനഭാവവുമില്ലാത്ത, യാതൊരു ധാരണയുമില്ലാത്ത അത്തരം സ്നേഹം. ഒരു ശിക്ഷപോലും സ്നേഹത്തിന്റെ പ്രകടനമാവാം. ഡോക്ടർ മരുന്നു തരുമ്പോൾ, അത് കയ്ക്കുന്നതാണെങ്കിലും; അദ്ദേഹം കുത്തിവയ്പെടുക്കുമ്പോൾ, അത് നമുക്ക് കുറച്ച് വേദനയുണ്ടാക്കുമെങ്കിലും, അദ്ദേഹം അത് തരുന്നു. എന്തുകൊണ്ട്? രോഗിയുടെ സൗഖ്യത്തി

നായി. ഇതുപോലെ, രക്ഷിതാക്കൾ ശാസിക്കുമ്പോൾ, ഗുണദോഷിക്കുമ്പോൾ, അവർക്ക് സ്നേഹമില്ല എന്നല്ല അർത്ഥം. ശിക്ഷപോലും സ്നേഹത്തിന്റെ പ്രകടനമാണ്. നാം അതറിയണം.

പിന്നെ, കുട്ടികൾ അവരുടെ രക്ഷിതാക്കളെ ശല്യം ചെയ്യരുത്, വലിയ ആവശ്യങ്ങളുമായിവന്ന് അവർക്ക് ഭാരമായിത്തീരരുത്. പാടില്ല! തങ്ങളുടെ രക്ഷിതാക്കളുടെ അവസ്ഥ അവർ മനസ്സിലാക്കണം. കുടുംബാംഗങ്ങൾക്കിടയിലുള്ള ധാരണ വളരെ ആവശ്യമാണ്.

ബാബ ഒരിക്കൽ സൂചിപ്പിക്കുകയുണ്ടായി, അമ്മയാണ് കുട്ടിക്ക് അച്ഛനെ കാട്ടിക്കൊടുക്കുന്നത്, അതല്ലാതെ, കുട്ടിക്ക് തന്റെ അച്ഛൻ ആരാണെന്ന് അറിയുന്നതിന് അവസരമില്ല. അതുകൊണ്ട്, അമ്മ കുട്ടിക്ക് അച്ഛനെ കാട്ടിക്കൊടുക്കുന്നു, അച്ഛൻ കുട്ടിയെ ഗുരുവിന്റെ അഥവാ ആചാര്യന്റെ സമീപത്ത് കൊണ്ടുപോവുന്നു, ഗുരു അവനെ ഈശ്വരനിലേക്ക് നയിക്കുന്നു. അങ്ങനെ, ഇപ്രകാരമാണ് പടവുകൾ: അമ്മ, അച്ഛൻ, ഗുരു, പിന്നെ ഈശ്വരൻ. ഒരാൾ കുട്ടിയെ തൊട്ടടുത്ത ആളിന് കൈമാറുന്നു, അവസാനം അവന് ജ്ഞാനം, അവബോധത്തിന്റെ വികാസം കിട്ടത്തക്കവിധം, അവൻ ഈശ്വരന്റെ സമീപത്ത് എത്തുന്നവിധം. അതുകൊണ്ട് രക്ഷിതാക്കൾ ഓരോ കാര്യത്തിനും പ്രേരണയാവണം.

ഒരു അവസരത്തിൽ അവിടുന്ന് പറയുകയുണ്ടായി, അച്ഛനമ്മമാരല്ല കുട്ടികൾക്ക് ജന്മമേകുന്നത്. അല്ല, അവർ നിങ്ങൾക്ക് ജനിച്ചവരല്ല. അവർ നിങ്ങളിലൂടെ ജീവിതത്തിലേക്ക് വന്നുവെന്നേയുള്ളൂ. അതെ, കുട്ടികൾ അച്ഛനമ്മമാരിലൂടെ വന്നുവെന്നേയുള്ളൂ, അവർ അച്ഛനമ്മമാർക്ക് ജനിച്ചവരല്ല. നാം അച്ഛനമ്മമാരിലൂടെ വന്നവരാണെന്ന് നാം മനസ്സിലാക്കുമ്പോൾ, അച്ഛനമ്മമാർക്ക് ഇതെക്കുറിച്ച് അവബോധമുണ്ടാവുമ്പോൾ, അവർ അവരുടെ ഉത്തരവാദിത്തം തിരിച്ചറിയും. അതേസമയം അവർക്ക് തങ്ങളുടേതായ പരിമിതികളും മനസ്സിലാവും.

ഇതേപോലെ, സ്വാമി നിരവധി ഉദാഹരണങ്ങൾ പരാമർശിച്ചിട്ടുണ്ട്-ഭീഷ്മർക്ക് പിതാവിനോടുണ്ടായിരുന്ന സ്നേഹം, ഈശ്വരന്റെ സമീപത്തേക്ക് ധ്രുവനെ നയിച്ച, അവിടുത്തെ ആരാധിക്കാൻ നിർദ്ദേശം നൽകിയ മാതാവിന് ധ്രുവനോടുണ്ടായിരുന്ന സ്നേഹം. അത് എന്തൊരു മഹത്തായ പ്രേമമായിരുന്നു! ഉദാത്ത പ്രേമം. അതുകൊണ്ട്, മാതാവാണ് ഉത്തരവാദി, എല്ലാവരെയും നയിക്കുന്നത് അവരാണ്. ശിവജിയെ ഒരു ചക്രവർത്തിയായി രൂപപ്പെടുത്തിയത് മാതാവാണ്. ഗാന്ധിജിയെ ഒരു മഹാത്മാവായി രൂപപ്പെടുത്തിയത് മാതാവാണ്. അവതാരത്തിന് ജന്മമേകിയത് മാതാവാണ്. ഇങ്ങനെ, മാതാവിന്റെ പങ്ക്, പിതാവിന്റെ പങ്ക്, കുട്ടികളുടെ പങ്ക് ഇവയെല്ലാം ഭഗവാൻ സ്വയം വളരെ നന്നായി നിർവചിച്ചിട്ടുണ്ട്.



അതിനാൽ, ഒരു മാതൃകാകുടുംബത്തിൽ, സൗന്ദര്യമുണ്ടാവണം, ആ കുടുംബം പരസ്പര പൂരകമാവണം. അപ്പോൾ അഭിവൃദ്ധിയുണ്ടാവും. മേൽക്കോയ്മ ഉണ്ടാവരുത്, സ്വാർത്ഥത ഉണ്ടാവരുത്, അവർ പരസ്പരം ഭരിക്കാൻ ശ്രമിക്കരുത്. അവർ പരസ്പരം ഇല്ലായ്മ ചെയ്യുന്നതിന് ശ്രമിക്കരുത്. സ്വാമി




അരുളിച്ചെയ്തിട്ടുള്ളതുപ്രകാരം, അക്കാലത്ത് സഹോദരങ്ങൾക്കിടയ്ക്ക് പരമപ്രേമം(Supreme love) ഉണ്ടായിരുന്നു, ഇന്നാവട്ടെ ആ സ്നേഹം അവരെ പരമോന്നത കോടതി (Supreme Court)യിൽ എത്തിക്കുന്നു. അങ്ങനെയാവരുത്. പരിപൂർണ സ്നേഹം, സ്വാതന്ത്ര്യം, സന്തോഷം ഉണ്ടാവണം. രാഷ്ട്രീയം വേണ്ട. അതാണ് അവിടുന്ന് അരുളിയിട്ടുള്ളത്. ഈ ആദർശ മാതൃകാകുടുംബം മാതൃകാ സായീകുടുംബം തന്നെ. ഇതാണ് സ്വാമി നമ്മളെല്ലാവരിൽനിന്നും, എല്ലാ ഗൃഹസ്ഥരിൽനിന്നും പ്രതീക്ഷിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതലായി പറയാം.

സായിരാം.

പ്രഫ. അനിൽകുമാർ കാമരാജു
(മലയാളപരിഭാഷ: എം.എൻ. വിനോദ്കുമാർ)

